DESPATCHED
On..15.01.22..

31/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.524(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.5161/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി. റോസമ്മ തോമസ്,
പാടത്തുപറമ്പിൽ,
മീനടം, കോട്ടയം -686 516, — അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ, വില്ലേജ് ആഫീസ്, മീനടം, കോട്ടയം
2. അപ്പീൽ അധികാരി & തഹസിൽദാർ, കോട്ടയം

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 19.11.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.12.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 14.01.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 27.01.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17.04.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 20.04.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.05.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 10.08.2021 |
| ആഡിയോ ഹിയറിംഗ് തീയതി | 24.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരി<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി (പ്രതിനിധി)<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. റോസമ്മ തോമസ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച 4 ചോദ്യങ്ങൾ അടങ്ങുന്ന അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 1,2 എന്നിവക്ക് ശരിയായ മറുപടി നൽകിയെന്നും 3,4 എന്നിവക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ടിയാൻ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും അപ്പീൽ അധികാരി ഹർജികക്ഷിക്ക് കൃത്യമായ മറുപടി ലഭ്യമാക്കാൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ച പ്രകാരം ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ മറുപടിയും കൃത്യമായിട്ടുള്ളതല്ലെന്നും ശരിയായ മറുപടി ലഭ്യമാക്കാൻ വേണ്ട നടപടി കമ്മീഷൻ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരി 19.11.2020 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്,

i. മീനടം വില്ലേജിൽ ബ്ലോക്ക് 381 ൽ റീസർവ്വെ 221/3/1 ൽപ്പെട്ട 10.92 ആർ സ്ഥലം ഇപ്പോൾ ആരുടെ കൈവശത്തിലാണ് എന്നും

ii. കൈവശക്കാരൻ ഇതുവരെയുള്ള കരം ഒടുക്കിയിട്ടുണ്ടോ എന്നും കരം കുടിശ്ശിക ഉണ്ടോ എന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ 3,4 എന്നീ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി

ലഭ്യമായില്ലെന്നാണ് ഹർജികക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്. ടിയാൾ അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരി കൃത്യമായ മറുപടി ലഭ്യമാക്കാൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ച് അപ്പീൽ തീർപ്പാക്കിയതായി കാണുന്നു. ആയത് പ്രകാരം ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ മറുപടിയും തൃപ്തികരമല്ലെന്നാണ് ടിയാൾ ബോധിപ്പിച്ചതായി കാണുന്നത്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, എസ്.പി.ഐ.ഒ. ഹർജികക്ഷിക്ക് നൽകിയ മറുപടിയിൽ മൂന്നും നാലും വിവരങ്ങൾക്ക് നൽകിയ മറുപടി തൃപ്തികരമല്ല എന്ന് ബോധ്യമായ സാഹചര്യത്തിൽ കൃത്യമായി മറുപടി നൽകാൻ നിർദ്ദേശം നൽകിയതനുസരിച്ച് ടിയാൾക്ക് 25.02.2021 ൽ കൃത്യമായ മറുപടി നൽകിയിട്ടുള്ളതാണെന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ടിയാളുടെ അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരിയുടെ നിർദ്ദേശമനുസരിച്ച് വീണ്ടും ഒന്നാം എതിർകക്ഷി മറുപടി ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നു. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത് ഹർജികക്ഷിയുടെ അപേക്ഷയ്ക്ക് മറുപടി ടിയാൾക്ക് ലഭ്യമാക്കിയിരുന്നുവെന്നാണ്. എന്നാൽ ടിയാൾക്ക് മറുപടി പൂർണ്ണമായും ലഭ്യമായില്ലെന്നാണ് ഹിയറിംഗിൽ ഹർജിക്കാരിയുടെ പ്രതിനിധി ബോധിപ്പിച്ചത്. ഹർജികക്ഷി ലോൺ ക്ലോസ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കുന്ന രേഖ ഒന്നും ടിയാൾ ഹാജരാക്കിയില്ലെന്നാണ് എസ്.പി.ഐ.ഒ.

ഹിയറിംഗിൽ ബോധിപ്പിച്ചത്. കൈവശ അവകാശ സർട്ടിഫിക്കറ്റ് കാണാതെ മറുപടി നൽകാൻ നിർവ്വാഹമില്ലെന്നും എസ്.പി.ഐ.ഒ. മൊഴി നൽകി. ഒന്നാം എതിർകക്ഷിയുടെ മൊഴി കമ്മീഷൻ മുഖവിലക്കെടുക്കുന്നു. ഹർജിക്കാരി ലോൺ ക്ലോസ് ചെയ്തിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി ഒന്നാം എതിർകകഷി മുമ്പാകെ ഹാജരാക്കണമെന്നും മറ്റും നിർദ്ദേശിച്ച് ടിയാൾക്ക് വ്യക്തമാകുന്ന രീതിയിൽ കത്തു നൽകേണ്ടതാണെന്നും ടിയാളെ അറിയിക്കേണ്ട വിവരങ്ങൾ വളരെ ലളിതമായ രീതിയിൽ എഴുതി തയ്യാറാക്കി ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസങ്ങൾക്കകം ലഭ്യമാക്കേണ്ടതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൾ ആവശ്യപ്പെട്ട 3,4 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി ഒന്നാം എതിർകക്ഷി ടിയാൾക്ക് ലഭ്യമാക്കേണ്ടതാണെന്നും കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഡിസംബർ 31-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp